LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ ക്ഷീരകർഷകരെ ക്ഷീരസഹകരണ മേഖലയിലേക്ക് കൊണ്ടുവരിക, ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉണ്ടാക്കുക, സംഭരണവും വിപണനവും മെച്ചപ്പെടുത്തുക, ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന ഗുണനിലവാരം കൈവരിക്കുക, സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ആധുനികവത്ക്കരിക്കുകയും ചെയ്യുക, ഗ്രാമവിവര കേന്ദ്രങ്ങളായി ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. മിൽമ നടപ്പാക്കുന്ന പദ്ധതികൾ മുഖേന, സംഘങ്ങളുടെ കാര്യക്ഷമതയും ശാക്തീകരണവും വർദ്ധിപ്പിക്കുക, സംഘങ്ങൾക്ക് ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ മെഷീനുകൾ നൽകുക, ക്ഷീര കർഷകർക്ക് അവർ നൽകിയ പാലിന്റെ ഗുണനിലവാരവും പാൽ വിലയും ഉടൻതന്നെ അറിയുവാൻ സാധ്യമാക്കുക തുടങ്ങിയവ ലക്ഷ്യമിടുന്നു.

(സി) ഇതിനായി വകുപ്പ് വിവിധ പദ്ധതികൾ തയ്യാറാക്കി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുകയും, ജില്ലാ/യൂണിറ്റുതല ഓഫീസുകൾ മുഖേന ടി പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. മിൽമയുടെ മേഖലാ യൂണിയനുകൾ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംഘങ്ങളുടെ നവീകരണത്തിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

മിൽമയുടെ വികസനത്തിന് പദ്ധതി

36 (5383) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമയുടെ വികസനത്തിനും പുരോഗതിയ്ക്കും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഗുണമേന്മയുള്ള പാൽ സംഭരണം, ലാഭകരമായ പാൽ ഉത്പാദനം, വിപണനം, ക്ഷീരസംഘങ്ങളുടെ ശാക്തീകരണം, ക്ഷീരകർഷകരുടെ താത്പര്യം സംരക്ഷിക്കുന്നതോടൊപ്പം ഉപഭോക്തൃ താത്പര്യം നിലനിർത്തി മിൽമയുടെ വിപണി വർദ്ധിപ്പിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളായ ക്ലീൻ മിൽക്ക് പ്രോഗ്രാം, നാഷണൽ പ്ലാൻ ഫോർ ഡയറി ഡെവലപ്മെന്റ്, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾ വഴി ബൾക്ക് മിൽക്ക് കൂളറുകൾ, മിൽക്ക് അനലൈസറുകൾ, ഇലക്ട്രോണിക് വെയിംഗ് സ്കെയിലുകൾ, ഡാറ്റാ പ്രോസ്സസറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ഗ്രാമതലത്തിൽ ലഭ്യമാക്കിക്കൊണ്ട് മിൽമാ ക്ഷീരസംഘങ്ങളുടെ നവീകരണത്തിൽ ഗണ്യമായ പങ്കുവഹിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ വിവിധ കർഷക ഉപഭോക്തൃ സ്കീമുകൾ നടപ്പാക്കുന്നതിനും യഥാസമയം ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള പാൽ ലഭ്യമാക്കുന്നതിന് മാർക്കറ്റിംഗ് ഹബ്ബുകൾ സ്ഥാപിക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. എറണാകുളം മേഖലാ യൂണിയൻ ക്ലീൻ മിൽക്ക് പ്രോഗ്രാം, നാഷണൽ പ്ലാൻ ഫോർ ഡയറി ഡവലപ്മെന്റ്, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾ വഴി ബൾക്ക് മിൽക്ക് കൂളറുകൾ, മിൽക്ക് അനലൈസറുകൾ, ഇലക്ട്രോണിക് വെയിംഗ് സ്കെയിലുകൾ, ഡാറ്റാ പ്രോസ്സസറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ഗ്രാമതലത്തിൽ ലഭ്യമാക്കിക്കൊണ്ട് ക്ഷീരസംഘങ്ങളുടെ നവീകരണത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. ഈ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിലൂടെ സംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പാലിന്റെ വിലനിർണ്ണയത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ ക്ഷീരമേഖലയിലെ വികസനത്തിനും പുരോഗതിക്കുംവേണ്ടി പുതിയ ഡയറിയുടെ നിർമ്മാണവും പഴയവയുടെ വികസനവും നവീകരണവും, പുതിയ ഉത്പന്നങ്ങളുടെ വിപണനവും നടത്തിവരുന്നു. അതോടൊപ്പംതന്നെ വിവിധ കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ഫെഡറേഷന്റെ കീഴിലുള്ള കാലിത്തീറ്റ ഫാക്ടറികളും സെൽഫ് പ്രോഡക്ട് ഡയറിയും നവീകരിക്കുന്നതിനും ആധുനികമായ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.